■ റിപ്പോർട്ട്

# സോളിഡാരിറ്റി കോട്ടയം ജില്ലാ സമ്മേളനം

**കാഞ്ഞിരപ്പള്ളി:** ഇസ്‌ലാമിക യുവജന പ്രസ്ഥാനത്തിന്റെ വളർച്ച വിളിച്ചറിയിക്കുന്നതായിരുന്നു കാഞ്ഞിരപ്പള്ളിയിൽ നടന്ന സോളിഡാരിറ്റി കോട്ടയം ജില്ലാ സമ്മേളനം.

മാർച്ച് 4-ന് നൂറുൽ ഹുദാ സ്‌കൂൾ ഗ്രൗണ്ടിൽ നടന്ന പ്രതിനിധി സമ്മേളനവും പൊതുസമ്മേളനത്തിലെ സജീവമായ പൊതുജന പങ്കാളിത്തവും അക്ഷര ജില്ലയിലെ സംഘടനയുടെ വേരോട്ടം വിളിച്ചറിയിക്കുന്നതായിരുന്നു.

പ്രതിനിധി സമ്മേളനം സംസ്ഥാന പ്രസിഡന്റ് അബ്ദുൽ ഹമീദ് വാണിയമ്പലം ഉദ്ഘാടനം ചെയ്തു. കാലഘട്ടത്തിന്റെ തിന്മകൾ കണ്ടറിഞ്ഞ് സമൂഹത്തെ ബോധവൽക്കരിക്കുകയാണ് സോളിഡാരിറ്റിയുടെ ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു. 'ഐക്യദാർഢ്യം ആരോട്' എന്ന വിഷയത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി പി. മുജീബുർറഹ്‌മാനും 'പോരാളിയുടെ വ്യക്തിത്വം' എന്ന വിഷയത്തിൽ ജമാഅത്തെ ഇസ്‌ലാമി മേഖലാ നാസിം ജമാൽ മങ്കടയും ക്ലാസ്സെടുത്തു. ജില്ലാ പ്രസിഡന്റ് എ.എം അബ്ദുസ്സമദ് അധ്യക്ഷത വഹിച്ചു.

തുടർന്ന് 'സാമ്രാജ്യത്വം, മുതലാളിത്തം, ആഗോളവൽക്കരണം - യുവജന സമീപനം' എന്ന വിഷയത്തിൽ സെമിനാർ നടന്നു.

കെ.എസ്.യു സംസ്ഥാന പ്രസിഡന്റ് പി.സി വിഷ്ണുനാഥ് എം.എൽ.എ, ഡി.വൈ.എഫ്.ഐ സംസ്ഥാന ജോയിന്റ് സെക്രട്ടറി അഡ്വ. റെജി സഖറിയ, യുവമോർച്ച സംസ്ഥാന വൈസ് പ്രസിഡന്റ് അഡ്വ. കൃഷ്ണദാസ്, മുസ്‌ലിം യൂത്ത് ലീഗ് സംസ്ഥാന സമിതിയംഗം ജലാൽ പൂതക്കുഴി, സോളിഡാരിറ്റി സംസ്ഥാന സമിതിയംഗം ടി.കെ ഫാറൂഖ് എന്നിവർ പങ്കെടുത്ത ചർച്ചയിൽ *മാധ്യമം* എഡിറ്റർ ഒ. അബ്ദുർറഹ്‌മാൻ മോഡറേറ്ററായിരുന്നു. രാഷ്ട്രീയവും സാമ്പത്തികവുമായ അധിനിവേശത്തേക്കാൾ ഭീകരമാണ് മുതലാളിത്തത്തിന്റെ സാംസ്‌കാരിക അധിനിവേശമെന്ന് സെമിനാർ അഭിപ്രായപ്പെട്ടു.

പേട്ട ജംഗ്ഷനിൽ ചേർന്ന പൊതുസമ്മേളനത്തിൽ ഉത്തർപ്രദേശിലെ ജനകീയ സമരങ്ങളുടെ മുന്നണി പോരാളിയും മഗ്‌സാസെ അവാർഡ് ജേതാവുമായ സന്ദീപ് പാണ്ഡെ മുഖ്യപ്രഭാഷണം നടത്തി. സാമ്രാജ്യത്വത്തെ സഹായിക്കുന്ന പാർട്ടികളെയും സംഘടനകളെയും ബഹിഷ്‌കരിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. കേന്ദ്ര-കേരള സർക്കാറുകൾ കോർപറേറ്റുകൾക്കുവേണ്ടി തീരുമാനമെടുക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. നിയമസഭയിൽ പോലും ചർച്ച ചെയ്യാതെയാണ് കേരളം എ.ഡി.ബി കരാർ ഒപ്പിടാൻ തയാറായത്. ജോർജ് ബുഷിനെ തെരഞ്ഞെടുപ്പിൽ സഹായിച്ച എല്ലാ കോർപറേറ്റ് കമ്പനികളും കൊക്കക്കോള ഉൾപ്പെടെ ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കൾ ഉൽപാദിപ്പിക്കുന്നവയാണ്. ദരിദ്രരെ കൂടുതൽ ദരിദ്രരും ധനികരെ കൂടുതൽ ധനികരുമാക്കുന്ന നയമാണ് ഇന്ന് രാജ്യത്ത് നടപ്പാക്കുന്നത് - അദ്ദേഹം പറഞ്ഞു.

വൈദേശിക അധിനിവേശത്തിനെതിരെയും കുടുംബഭദ്രതക്കുവേണ്ടിയും വ്യത്യസ്ത മതവിഭാഗങ്ങളിൽപെട്ടവർ ഒറ്റക്കെട്ടായി നിലകൊള്ളണമെന്ന് ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി ഉദ്ഘാടനപ്രസംഗത്തിൽ ആഹ്വാനം ചെയ്തു. പ്രതിരോധ ത്തിന്റെ പേരിൽ വർഗീയത പ്രചരിപ്പിക്കുന്നവരെ തുറന്നു കാട്ടേണ്ടതുണ്ട്. വർഗീയതയെ കേരളം എന്നും ഛർദിച്ചുകളഞ്ഞിട്ടേയുള്ളൂ. സാമ്രാജ്യത്വത്തിന്റെ ഉപകരണങ്ങളായിത്തീരുന്നതിനെതിരെ ജാഗ്രത പാലിക്കണമെന്നും അമീർ ആഹ്വാനം ചെയ്തു.

ഇച്ഛാശക്തിയുള്ള ജനത ആർജവത്തോടെ എഴുന്നേറ്റു നിന്നാൽ സാമ്രാജ്യത്വം മുട്ടുകുത്തുമെന്ന് അധ്യക്ഷപ്രസംഗത്തിൽ അബ്ദുൽ ഹമീദ് വാണിയമ്പലം പറഞ്ഞു. ഭ്രാന്തമായ വികസനത്തിന്റെ കെട്ടുകാഴ്ചകൾക്കിടയിൽ ചേരികളിൽ കഴിയുന്നവർ വിസ്മരിക്കപ്പെടുകയാണ്. തീവ്രവാദം ഇസ്‌ലാം മുന്നോട്ടുവെക്കുന്ന കാരുണ്യത്തിന്റെ വശം കെടുത്തിക്കളയാനേ ഉപകരിക്കൂ എന്നും അദ്ദേഹം പറഞ്ഞു.

*മാധ്യമം* എഡിറ്റർ ഒ. അബ്ദുർറഹ്‌മാൻ, സോളിഡാരിറ്റി സംസ്ഥാന സെക്രട്ടറി കെ.എ ശഫീഖ്, ജമാഅത്തെ ഇസ്‌ലാമി ജില്ലാ പ്രസിഡന്റ് അബ്ദുൽ ജലീൽ, എസ്.ഐ.ഒ ജില്ലാ പ്രസിഡന്റ് മുഹമ്മദ് ഇബ്‌റാഹീം എന്നിവർ സംസാരിച്ചു. എ.എം അബ്ദുസ്സമദ് സ്വാഗതവും സമ്മേളന ജനറൽ കൺവീനർ പി.എ നിസാം നന്ദിയും പറഞ്ഞു.

പൊതുസമ്മേളനത്തിനു മുന്നോടിയായി നടന്ന പ്രകടനവും ഏറെ ശ്രദ്ധേയമായി. ചിട്ടയോടെ നീങ്ങിയ പ്രകടനത്തിൽ അണിനിരന്ന ഫ്‌ളോട്ടുകളും ജനശ്രദ്ധ ആകർഷിച്ചു.

ജില്ലാ പ്രസിഡന്റ് എ. എം അബ്ദുസ്സമദ്, സെക്രട്ടറി പി.എം ആനിഷ്, സമിതിയംഗങ്ങളായ പി.എ നിസാം, പി.എ ഹനീസ്, ഇഅ്ജാസ്, എം. ശറഫുല്ലാ ഖാൻ, അൻവർ പാഷ, ഒ.എസ് അബ്ദുൽകരീം, കെ. അഫ്‌സൽ, പി.എച്ച് മുഹമ്മദ്, സ്വാദിഖ്, എസ്.ഐ.ഒ സംസ്ഥാന സമിതിയംഗം സി.എസ് അബ്ദുസ്സമദ് എന്നിവർ പ്രകടനത്തിന് നേതൃത്വം നൽകി.

# ജനകീയ സമര സംഘങ്ങൾ ഒത്തുചേർന്ന 'പോരാളികളുടെ സംഗമം'

**കൊല്ലം:** കൊല്ലം ജില്ലയിലെ ജനകീയ പോരാളികളുടെ ഒത്തുചേരൽ 'പോരാളികളുടെ സംഗമം' വെളിച്ചിക്കാലയിൽ നടന്നു. പ്രമുഖ മനുഷ്യാവകാശ പ്രവർത്തകൻ ബി.ആർ.പി ഭാസ്‌കർ ഉദ്ഘാടനം ചെയ്തു. 5 ലക്ഷം ജനങ്ങളുടെ കുടിവെള്ളത്തിന് ആശ്രയമായ ശാസ്താംകോട്ട തടാകം തകർക്കുന്നവർക്കെതിരെ പോരാടുന്ന ശാസ്താംകോട്ട തടാക സംരക്ഷണസമിതി ചെയർമാൻ ആർ. ഗംഗാപ്രസാദ്, വെളിച്ചിക്കാലയിലെ കളിമൺ ഖനനത്തിനെതിരേ പൊരുതുന്ന ആക്ഷൻ കൗൺസിൽ ചെയർമാൻ എച്ച്. ഹുസൈൻ, പടിഞ്ഞാറെ കല്ലട സംരക്ഷണ സമിതി പ്രസിഡന്റ് വി.എസ് ശ്രീകണ്ഠൻ നായർ, ആലപ്പാട് തീരദേശ സംരക്ഷണസമിതി പ്രതിനിധി അഴീക്കൽ മുരളി, ചെറുപൊയ്ക സംരക്ഷണ സമതിയിലെ സുനിൽകുമാർ, മരുതിമല സംരക്ഷണസമിതിക്കുവേണ്ടി സഹദേവൻ ചെന്നാപ്പാറ, ഫെയ്‌സ് പ്രതിനിധി ടി.കെ വിനോദൻ, പുതുച്ചിറ സംരക്ഷണസമിതിയംഗം അനിൽകുമാർ, കുരീപ്പള്ളി സംരക്ഷണ സമിതി പ്രതിനിധി എം.ടി ഈപ്പച്ചൻ, അറക്കൽ ചന്ദനമര സംരക്ഷണ സമിതിയംഗം എസ്. ബിന്ദുരാജ് എന്നിവർ തങ്ങളുടെ സമരാനുഭവങ്ങൾ പങ്കുവെച്ചു. സോളിഡാരിറ്റി സംസ്ഥാന സെക്രട്ടറി കെഎ ശഫീഖ് 'പോരാളികൾക്ക് ഒരു അജണ്ട' അവതരിപ്പിച്ചു. പ്രശസ്ത പരിസ്ഥിതി പ്രവർത്തകൻ കല്ലേൽ പൊക്കുടൻ, ജമാഅത്തെ ഇസ്‌ലാമി ജില്ലാ പ്രസിഡന്റ് പി.എച്ച് മുഹമ്മദ്, എസ്.ഐ.ഒ ജില്ലാ പ്രസിഡന്റ് എസ്. ഇർശാദ്, മുട്ടറ ഉദയഭാനു എന്നിവർ സംഗമത്തെ അഭിസംബോധന ചെയ്തു. സലീം മമ്പാട് സമാപനപ്രസംഗം നിർവഹിച്ചു. എം. അബ്ദുൽവാഹിദ് സ്വാഗതവും മുഹമ്മദ് ഷാ നന്ദിയും പറഞ്ഞു. വൈകുന്നേരം വെളിച്ചിക്കാല ജംഗ്ഷനിൽ നടന്ന പൊതുസമ്മേളനത്തിൽ സലീം മമ്പാട് മുഖ്യപ്രഭാഷണം നടത്തി. ഏപ്രിൽ 30-ന് അഞ്ചലിൽ നടക്കുന്ന സോളിഡാരിറ്റി ജില്ലാ സമ്മേളനത്തിന് മുന്നോടിയായാണ് പോരാളികളുടെ സംഗമം സംഘടിപ്പിച്ചത്.